അല്ലാഹു ഒരു ദാസനെ ഇഷ്ടപ്പെട്ടാൽ ജിബ്രീലിനെ വിളിച്ചു കൊണ്ട് പറയും: 'ഞാൻ ഇന്ന വ്യക്തിയെ ഇഷ്ടപ്പെടുന്നു, അതിനാൽ നീയും അവനെ ഇഷ്ടപ്പെടുക.' അപ്പോൾ ജിബ്രീൽ അവനെ ഇഷ്ടപ്പെടും

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "അല്ലാഹു ഒരു ദാസനെ ഇഷ്ടപ്പെട്ടാൽ ജിബ്രീലിനെ വിളിച്ചു കൊണ്ട് പറയും: 'ഞാൻ ഇന്ന വ്യക്തിയെ ഇഷ്ടപ്പെടുന്നു, അതിനാൽ നീയും അവനെ ഇഷ്ടപ്പെടുക.' അപ്പോൾ ജിബ്രീൽ അവനെ ഇഷ്ടപ്പെടും. പിന്നീട് അദ്ദേഹം ആകാശത്ത് വിളംബരം ചെയ്യും: "തീർച്ചയായും അല്ലാഹു ഇന്ന വ്യക്തിയെ ഇഷ്ടപ്പെടുന്നു, അതിനാൽ നിങ്ങളും അവനെ ഇഷ്ടപ്പെടുക.: അപ്പോൾ ആകാശത്തുള്ളവരെല്ലാം അവനെ ഇഷ്ടപ്പെടും. പിന്നീട് ഭൂമിയിൽ അവന് സ്വീകാര്യത നൽകപ്പെടും. അല്ലാഹു ഒരു അടിമയെ വെറുത്താൽ അവൻ ജിബ്രീലിനെ വിളിച്ചു കൊണ്ട് പറയും: 'ഞാൻ ഇന്ന വ്യക്തിയെ വെറുക്കുന്നു, അതിനാൽ നീയും അവനെ വെറുക്കുക.' അപ്പോൾ ജിബ്രീൽ അവനെ വെറുക്കും. പിന്നീട് ആകാശത്തുള്ളവരോട് വിളംബരം ചെയ്യും: 'തീർച്ചയായും അല്ലാഹു ഇന്ന വ്യക്തിയെ വെറുക്കുന്നു. അതിനാൽ നിങ്ങളും അവനെ വെറുക്കുക.' അപ്പോൾ അവരെല്ലാം അവനെ വെറുക്കും. പിന്നീട് ഭൂമിയിൽ അവന് വെറുപ്പ് നിശ്ചയിക്കപ്പെടും."

[صحيح] [صحيح مسلم]

അല്ലാഹു ഒരു സത്യവിശ്വാസിയെ (മുഅ്മിനിനെ) - തന്റെ കൽപ്പനകൾ അനുസരിക്കുകയും വിലക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യുന്ന ഒരാളെ - ഇഷ്ടപ്പെട്ടാൽ ജിബ്രീലിനെ വിളിച്ചു കൊണ്ട് പറയും: "തീർച്ചയായും അല്ലാഹു ഇന്ന വ്യക്തിയെ ഇഷ്ടപ്പെടുന്നു , അതിനാൽ നീയും അവനെ ഇഷ്ടപ്പെടുക." അപ്പോൾ മലക്കുകളുടെ നേതാവായ ജിബ്രീൽ -عَلَيْـــــــهِ السَّلَامُ- അവനെ ഇഷ്ടപ്പെടും. പിന്നീട് ജിബ്രീൽ ആകാശത്തിലെ മലക്കുകളോട് വിളംബരം ചെയ്യും: "നിങ്ങളുടെ റബ്ബ് ഇന്ന വ്യക്തിയെ ഇഷ്ടപ്പെടുന്നു , അതിനാൽ നിങ്ങളും അവനെ ഇഷ്ടപ്പെടുക." അപ്പോൾ ആകാശത്തുള്ളവരെല്ലാം അവനെ ഇഷ്ടപ്പെടും. പിന്നീട് ഭൂമിയിലുള്ള മുഅ്മിനുകളുടെ ഹൃദയങ്ങളിൽ അവനോടുള്ള സ്നേഹവും അടുപ്പവും തൃപ്തിയും നൽകപ്പെടുകയും, അവർക്കിടയിൽ അവന് സ്വീകാര്യത നൽകപ്പെടുകയും ചെയ്യും. അല്ലാഹു ഒരു അടിമയെ വെറുത്താൽ ജിബ്രീലിനെ വിളിച്ച് പറയും: "തീർച്ചയായും ഞാൻ ഇന്ന വ്യക്തിയെ വെറുക്കുന്നു, അതിനാൽ നീയും അവനെ വെറുക്കുക." അപ്പോൾ ജിബ്രീൽ അവനെ വെറുക്കും. പിന്നീട് ജിബ്രീൽ ആകാശത്തുള്ളവരോട് വിളംബരം ചെയ്യും: "നിങ്ങളുടെ റബ്ബ് ഇന്ന വ്യക്തിയെ വെറുക്കുന്നു, അതിനാൽ നിങ്ങളും അവനെ വെറുക്കുക." അപ്പോൾ അവരെല്ലാം അവനെ വെറുക്കും. പിന്നീട് ഭൂമിയിലുള്ള മുഅ്മിനുകളുടെ ഹൃദയങ്ങളിൽ അവന് വെറുപ്പും വിദ്വേഷവും നിശ്ചയിക്കപ്പെടും.

http://www.sunnah.global/hadeeth/ml/show/6458